# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5910 09.07.2012 ൽ മറുപടിക്ക്

**കേരള റോഡ് ഫണ്ട് ബോർഡ് വൈ - ട്രാക്ക് സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി:<br>,, ഷാഫി പറമ്പിൽ:<br>,, അൻവർ സാദത്ത്:<br>,, എം.എ. വാഹീദ്: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ). കേരള റോഡ് ഫണ്ട് ബോർഡ് ജംഗ്ഷനുകളിൽ വൈ - ട്രാക്ക് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(ബി) ഇത് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്;<br><br>(സി) എവിടെയൊക്കെയാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നത്: വിശദാംശങ്ങൾ എന്തെല്ലാം ? | (എ), (ബി) &(സി) സി-ഡാക്കിന്റെ സഹായസഹകരണത്തോടുകൂടി കേരള റോഡ് ഫണ്ട് ബോർഡും, കെൽട്രോണും ചേർന്നു വെള്ളയമ്പലം ജംഗ്ഷനിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇന്ത്യയിൽ ആദ്യമായി Camera actuated WiTraC Signaling System ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി വിജയകരമാണെന്ന് കാണുകയാണെങ്കിൽ വാഹനപ്പെരുപ്പം കൂടിയ മറ്റു ജംഗ്ഷനുകളിലും ഇവ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ജംഗ്ഷനിലേയ്ക്ക് വരുന്ന ഓരോ റോഡുകളിലെയും വാഹനങ്ങളുടെനിര ക്യാമറ വഴി നിരീക്ഷിക്കുകയും, കമ്പ്യൂട്ടർവൽകൃത് സംവിധാനം സിഗ്നലുകളുടെ സമയ ക്രമം നിയന്ത്രിക്കുകയും ചെയ്യുന്നതുകൊണ്ട് കൂടുതൽ വാഹനങ്ങളുള്ള ഭാഗത്തേയ്ക്ക് കൂടുതൽ സമയം ഗ്രീൻ സിഗ്നൽ ലഭിക്കുകയും തൽഫലമായി അധികം കാലതാമസമില്ലാതെ വാഹനങ്ങൾക്ക് ജംഗ്ഷൻ കടന്നു പോകുവാൻ കഴിയുകയും ചെയ്യുന്നു. വയർലെസ് രീതിയിൽ പ്രവർത്തിക്കുന്ന ഇത്തരം സിഗ്നൽ സ്ഥാപിക്കുന്നതിനായി റോഡുകൾ വെട്ടിമുറിക്കേണ്ടിവരുന്നില്ല എന്ന ഗുണവുമുണ്ട്. |

സെക്ഷൻ ഓഫീസർ